പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രമിട്ട ചോദ്യം നം. 51

05/06/2018 ൽ മറുപടിക്ക്

# പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പാദനക്ഷമത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.പി.ടി.തോമസ്<br>ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.അനിൽ അക്കര | | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉല്പാദനക്ഷമത കൂട്ടുന്നതിനും ജീവനക്കാരുടെ കാര്യശേഷിയും വിഭവശേഷിയും വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) | വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉല്പാദനക്ഷമത കൂട്ടുന്നതിനും ജീവനക്കാരുടെ കാര്യശേഷിയും വിഭവശേഷിയും വർദ്ധിപ്പിക്കുന്നതിനും നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആധുനിക വത്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ ബഡ്ജറ്റ് വിഹിതം പ്രത്യേകം അനുവദിച്ച നൽകി വരുന്നു. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളെ കൂടുതൽ മത്സരക്ഷമത ഉള്ളവാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെൻറ് സംവിധാനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി അതാത് മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള മാനേജിംഗ് ഡയറക്ടർമാരെ സുതാര്യമായ രീതിയിൽ തെരഞ്ഞെടുത്ത് നിയമിച്ചിട്ടുണ്ട്. ജീവനക്കാരുടെയും തൊഴിലാളികളുടെയും കാര്യശേഷി വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി അനുയോജ്യമായ പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണ്. |
| (ബി) | നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്; ഇപ്പോൾ ലാഭത്തിലായിരിക്കുന്ന ഏതെങ്കിലും സ്ഥാപനത്തിന്റെ കടബാധ്യത സർക്കാർ ഏറ്റെടുക്കുകയോ എഴുതിത്തള്ളുകയോ ചെയ്തിട്ടുണ്ടോ; | (ബി) | നിലവിൽ 14 പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. കെഎസ്ഡിപിയുടെ വായ്പാകുടിശ്ശികയും പലിശയും ഓഹരിയാക്കി മാറ്റുന്നതിനും സഞ്ചിത നഷ്ടം എഴുതിതള്ളുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | 2016-2017 ൽ ലാഭത്തിലായിരുന്ന ഏതെങ്കിലും കമ്പനി നഷ്ടത്തിലായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ; | (സി) | 2016-2017 ൽ ലാഭത്തിലായിരുന്ന ട്രാക്കോ കേബിൾ കമ്പനി 2017-18 ൽ നഷ്ടത്തിലായിട്ടുണ്ട്. 2017-18ൽ കെ.എസ്.ഇ.ബി യിൽ നിന്നും ഓർഡറുകൾ ലഭിക്കുന്നതിൽ നേരിട്ട കാലതാമസം കമ്പനിയെ പ്രതികൂലമായി ബാധിച്ചു |
| (ഡി) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമായി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വ്യാവസായിക അന്തരീക്ഷത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് രീതിയിലുള്ളതാണെന്ന് വിശദീകരിക്കാമോ? | (ഡി) | ഉണ്ട്.<br>കേരളത്തിൽ വ്യവസായങ്ങൾ ആരംഭിക്കുന്നത് സുഗമമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് പാസ്സാക്കുകയുണ്ടായി. പ്രസ്തുത ആക്ട് പ്രകാരം കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്പ്മെന്റ് ആക്ടിൽ കൂടുതൽ വ്യവസായ അനുകൂലമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. കൂടാതെ അപേക്ഷകളുടെ പ്രോസസിംഗ് ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു<br><br>ഈ മാറ്റങ്ങൾ പ്രയോജനപ്പെടുത്തി വ്യവസായ സംരംഭങ്ങളുടെ എണ്ണത്തിലും നിക്ഷേപത്തിലും തൊഴിൽ ലഭ്യതയിലും ഉൽപ്പാദനത്തിലും വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പ് സ്വീകരിച്ച് കൊണ്ടിരിക്കുകയാണ്.<br>1) വ്യവസായ സംരംഭകർ തൊഴിൽ ദാതാക്കളും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിൽ വലിയ സംഭാവന നൽകുന്നവരും ആണെന്നതിനാൽ അവരോട് സൗഹൃദപരമായ സമീപനം സ്വീകരിക്കേണ്ടതുണ്ടെന്നുള്ള സന്ദേശം ജനങ്ങളിൽ എത്തിക്കാൻ കഴിഞ്ഞു<br>2) ജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിലും യുവാക്കളിലും സംരംഭകത്വമനോഭാവം വളർത്തിയെടുക്കാൻ കഴിഞ്ഞു<br>3) കാർഷിക വിഭവങ്ങളുടെ മൂല്യ വർദ്ധനയ്ക്കായി കാർഷികോൽപ്പന്ന സംസ്കരണ യൂണിറ്റുകൾ കേരളത്തിൽ കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നുവെന്നും ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.<br>4) സംസ്ഥാന, അഖിലേന്ത്യ, അന്തർദേശീയ തലത്തിൽ എക്സിബിഷനുകളിലൂടെ ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുവാനും ലോകത്തെ പുത്തൻ പ്രവണതകൾ നേരിട്ട് കണ്ട് മനസിലാക്കുന്നതിനും കൂടുതൽ അറിവ് നേടാനും സംരംഭകരെ പ്രാപ്തരാക്കാൻ |

കഴിഞ്ഞിട്ടുണ്ട്.

5) ചുമട്ട് തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികളും സംരംഭകരും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമായിട്ടുണ്ട്.

സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികൾമൂലം കേരളത്തിലെ നിലവിലുള്ള വ്യവസായ സംരഭകർക്കും നവ സംരഭകർക്കും അനായാസം നിക്ഷേപം നടത്തുവാൻ സാധിക്കുന്നതാണ്.